ഇനിയും പണം കൊടുക്കേണ്ടതുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ച് എങ്ങനെ അതിന് പരിഹാരം കണ്ടെത്താൻ കഴിയുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

2 (*435) മായം ചേർത്ത കള്ളുവിൽപ്പന

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കള്ളുഷാപ്പുകളിൽ മായം കലർത്തി കള്ളു വിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കള്ളിൽ മായം ചേർത്ത കള്ളുഷാപ്പ് കരാറുകാർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്ന് അറിയിക്കുമോ;

(സി) കൊല്ലം ജില്ലയിൽ ഇത്തരം എത്ര കേസ്സുകളെടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കേസുകളിൽ എത്രപേരെ ശിക്ഷിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) വ്യാജകള്ള് വിൽപ്പനയ്ക്കെതിരായി ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 89 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 36 കേസ്സുകൾ.

(ഡി) ഈ കേസ്സുകളിൽ 15 പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. മറ്റുള്ള കേസ്സുകൾ കോടതിയുടെ പരിഗണനയിലാണ്.

(ഇ) വ്യാജകള്ള് വിൽപ്പനയ്ക്കെതിരായി കള്ളുഷാപ്പുകളും കള്ള് ഡിപ്പോകളും പരിശോധനയ്ക്ക് വിധേയമാക്കുകയും കള്ളിന്റെ സാമ്പിൾ ശേഖരിച്ച് രാസപരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ശ്രീമതി ആർ. ലതാദേവി : സർ, വ്യാജകള്ള് വിൽപ്പന തടയുന്നതിനു വേണ്ടിയുള്ള ആത്മാർത്ഥമായ പരിശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. എന്നിരുന്നാലും ഇക്കാര്യത്തിൽ നമ്മുടെ ഡിപ്പാർട്ടുമെന്റിനെ കൂടുതൽ സജ്ജമാക്കേണ്ടതായിട്ടുണ്ട്. ഇതിനായി വനിതാ ഗാർഡുകളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഓരോ റേഞ്ചിലും ഇന്നുള്ള ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അവർക്ക് കൊടുത്തിരിക്കുന്ന മുളവടിക്ക് പകരം ആധുനിക ആയുധങ്ങൾ കൊടുത്ത് അവരെ പ്രോൽസാഹിപ്പിക്കുന്നതിനും സഞ്ചരിക്കുന്ന പരിശോധനാലാബ് പ്രാവർത്തികമാക്കുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഇതിന്റെ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഇൻസ്പെക്ടേഴ്സിന്റെ ലിസ്റ്റ് പി.എസ്. സി.യിൽ നിന്ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 125 പേരെ ഫസ്റ്റ് ബാച്ചായി നിയമനത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. അവർക്ക് റിഗറസ് ആയിട്ടുള്ള ട്രെയിനിംഗ് പോലീസ് ട്രെയിനിംഗ് കോളേജിൽവച്ച് കൊടുക്കുന്നുണ്ട്. ഓഫീസ്

LIBRARY ARCHIVES Kerala Legislative Assembly

ട്രെയിനിംഗ് കഴിഞ്ഞ് അവരെ ഫീൽഡിലേക്ക് അയച്ചിരിക്കുകയാണ്. അവരൊക്കെത്തന്നെ ചെറുപ്പക്കാരായിട്ടുള്ള ഡയറക്ട് റിക്രൂട്ടീസ് ആണ്. ഓഫീസ് എക്സ്പീരിയൻസിനുവേണ്ടി 125 ആളുകളെ സെക്കന്റ് ബാച്ചായി എടുത്ത് അവർക്കും പോലീസ് ട്രെയിനിംഗ് കോളേജിൽവച്ച് പോലീസിന് കൊടുക്കുന്ന അതേ വിധത്തിലുള്ള ട്രെയിനിംഗ് കൊടുത്തുകഴിഞ്ഞു. അവരേയും ഫീൽഡിലേക്ക് അയയ്ക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വനിതാ ഗാർഡുകളെ നിയമിക്കണമെന്നാണ്. ഇപ്പോൾത്തന്നെ 800 വേക്കൻസിയുണ്ട്. ഗാർഡിന്റെ പി.എസ്.സി. ലിസ്റ്റ് തയ്യാറായിട്ടില്ല. അതിന് പി.എസ്.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉടൻതന്നെ അതിന്റെ ലിസ്റ്റ് കിട്ടുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. സ്ത്രീകളെ ഗാർഡുകളായി നിയമിക്കുന്ന കാര്യം എക്സൈസ് സ്റ്റാഫ് അസോസിയേഷൻ ഗവൺമെന്റിന് മുമ്പിൽ വച്ചിട്ടുണ്ട്. കാരണം അബ്കാരി കേസ്സുമായി ബന്ധപ്പെട്ട ചില കേസ്സുകളിലെ പ്രതികൾ സ്ത്രീകളാണ്. അതുകൊണ്ട് സ്ത്രീകൾ ക്രിമിനൽസ് ആകാൻ തുടങ്ങിയാൽപ്പിന്നെ വനിതാ ഗാർഡുകൾ ഇല്ലാതെ നിവൃത്തിയില്ലാത്ത അവസ്ഥയാണ് വരുന്നത്. അതുകൊണ്ട് അക്കാര്യം ആലോചിക്കേണ്ടതുണ്ട്. പിന്നെ ആംസ് ഗാർഡുകൾക്ക് വേറെയുണ്ടോയെന്ന് എനിക്കറിയില്ല; അതേക്കുറിച്ച് ആലോചിച്ചിട്ടില്ല. മറ്റുള്ളവർക്ക് ആംസ് കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്. ആംഡ് ട്രെയിനിംഗ് അവർക്ക് കൊടുക്കുന്നുണ്ട്.

<u>ശ്രീമതി ആർ. ലതാദേവി</u> : ചില റേഞ്ചുകളിൽ കരാറുകാർ കരാർ കാലാവധിക്കുമുമ്പായി ഷാപ്പുകൾ ഉപേക്ഷിച്ച് പോകുന്നുണ്ട്. ചിലയിടങ്ങളിൽ ഷാപ്പുകൾ ലേലംപിടിക്കുവാൻ മന:പൂർവ്വം ആരും തയ്യാറാകാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. ഇതുമൂലം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി തൊഴിലാളികൾതന്നെ കള്ള്ഷാപ്പുകൾ ഏറ്റെടുത്ത് നടത്താൻ തയ്യാറായി മുന്നോട്ടുവരുന്ന സ്ഥലങ്ങളിൽ അവരെ അതിന് അനുവദിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, 'മായം ചേർത്ത കള്ള് വിൽപ്പന' എന്നാണ് ഇവിടെ തന്നിട്ടുള്ള ചോദ്യത്തിന്റെ ഹെഡ്ഡിംഗ്. എന്നാലും ചോദ്യം കള്ളുമായി ബന്ധപ്പെട്ടതായതുകൊണ്ട് ഞാൻ മറുപടി പറയുകയാണ്. കോൺട്രാക്ടർമാർ ഷാപ്പുകൾ ഇട്ടേച്ചുപോയാൽ നിയമാനുസൃതം അവർക്ക് നോട്ടീസ് കൊടുത്ത് അവരുടെ ലൈസൻസ് കാൻസൽ ചെയ്യണം. അത് കാൻസൽ ചെയ്തശേഷം മൂന്നുപ്രാവശ്യം ഓക്ഷൻ നടത്തണം. ജില്ലാ കളക്ടർ റീ-ഓക്ഷൻ ചെയ്യണം. മൂന്ന് പ്രാവശ്യവും ലേലം പിടിക്കാൻ ആൾ ഇല്ലെങ്കിൽ നെഗോഷിയേഷൻ നടത്തണം. നെഗോഷിയേഷൻ ഒരു അപ്സെറ്റ് പ്രൈസിന്റെ ഇത്ര ശതമാനം വരാമെന്ന് ജില്ലാ കളക്ടർക്ക് കൺഫോം ചെയ്യാം. അല്ലെങ്കിൽപ്പിന്നെ എക്സൈസ് കമ്മീഷണർക്ക് അയയ്ക്കും. എക്സൈസ് കമ്മീഷണർക്കും കൺഫോം ചെയ്യാൻ കഴിയാത്തതാണെങ്കിൽ അത് ഗവൺമെന്റിലേക്ക് അയയ്ക്കും. പിന്നെ ആരും വരുന്നില്ലെന്നു വന്നാൽ ഡിപ്പാർട്ടുമെന്റ് നടത്തും. ഒരു നിർവ്വാഹവുമില്ലെങ്കിൽ പിന്നെ അത് തൊഴിലാളികൾക്ക് കൊടുക്കുന്നതിൽ യാതൊരു തടസ്സവും ഗവൺമെന്റിനില്ല. അതിനുള്ള ഒരു സംവിധാനവും തൊഴിലാളിരംഗത്ത് ഉണ്ടാകാതെ തൊഴിലാളികൾക്ക് അങ്ങനെ ഷാപ്പുകൾ നമ്മൾ ഏല്പിച്ചുകൊടുത്താൽ വിഷമമുണ്ടാകും. ഏതായാലും ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്ത് ആ സഹകരണസംഘത്തിന് കൊടുക്കാൻ പറ്റുമോയെന്ന് നോക്കാം. യൂണിയനുകളെ ഏല്പിക്കുന്ന കാര്യം അതിന്റെ നാനാവശങ്ങൾ പരിശോധിച്ചശേഷം മാത്രമേ തീരുമാനിക്കാൻ കഴിയൂ. യൂണിയനുകളെ ഏൽപ്പിക്കുന്നതിന് വിരോധമൊന്നുമില്ല.

423/2010.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി 100 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തിട്ട് അത് നികത്തുന്നതിന് പി.എസ്.സി.യിലേക്ക് എഴുതിയിട്ടുണ്ടെന്ന് പ്രസ്താവിച്ചു. അതിൽ സന്തോഷമുണ്ട്. പക്ഷേ ചെലവുചുരുക്കലിന്റെ ഭാഗമായി കഴുത്തിന് പിടിക്കാൻ പോകുന്നത് ഈ ഡിപ്പാർട്ടുമെന്റിനെയാണെന്ന് വേറൊരു വാർത്തയും കേട്ടു. കള്ളിൽ മായം ചേർക്കുന്നതിനെക്കുറിച്ചാണല്ലോ ഇവിടെ ചോദ്യം. ഈ അടുത്ത ദിവസങ്ങളിൽ ചാലക്കുടി, ഇരിങ്ങാലക്കുട, കുന്നംകുളം റേഞ്ചുകളിലെ മൂന്ന് പ്രമുഖരായ കോൺട്രാക്ടർമാരുമായി, പരസ്പരബന്ധമുള്ള മൂന്ന് കോൺട്രാക്ടേഴ്സുമായി ബന്ധപ്പെട്ട് സാമ്പിൾ പരിശോധനയുണ്ടെന്ന് അങ്ങ് പറഞ്ഞല്ലോ. അങ്ങനെ ഗോഡൗണുകളിലുള്ള 10 സാമ്പിൾ പരിശോധിച്ചപ്പോൾ 8 സാമ്പിളുകളിലെ കള്ളിൽ മയക്കുമരുന്ന് ചേർത്തിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ജീപ്പിൽ കൊണ്ടുപോയിരുന്ന രണ്ട് സാമ്പിളുകളും പിടിച്ചതിൽ ഈ മരുന്നില്ല. എന്നുപറഞ്ഞാൽ ഒറിജിനൽ കള്ളിൽ ഈ മയക്കുമരുന്ന് ഉണ്ടെന്നുള്ള കോൺട്രാക്ടർമാരുടെ വാദം ശുദ്ധഭോഷ്ക്കാണെന്ന് തൃശൂർ ഡിസ്ട്രിക്ടിൽ നടന്ന റെയിഡ് തെളിയിച്ച സ്ഥിതിക്ക് മനുഷ്യരെ കൊല്ലുന്ന ഈ ഏർപ്പാടിൽ നിന്ന് സാധാരണക്കാരെ രക്ഷിക്കാൻ ആവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : എവിടെയാണ് അതുണ്ടായത്, എന്നുള്ളത് നിശ്ചയിച്ചിട്ടല്ലാതെ അതേക്കുറിച്ച് പറയാൻ കഴിയുകയില്ല. അതേക്കുറിച്ച് അന്വേഷിച്ചിട്ട് പറയാം. ബഹുമാനപ്പെട്ട മെമ്പർ ഫ്ളോർ ഓഫ് ദി ഹൗസിൽ ഉത്തരവാദിത്വത്തോടുകൂടി പറഞ്ഞ കാര്യമെന്നുള്ള നിലയ്ക്ക് നിശ്ചയമായും ഗവൺമെന്റ് അതേക്കുറിച്ച് അന്വേഷിക്കും.

ശ്രീ. കെ.പി. രാജേന്ദ്രൻ : കരാറുകാർ ഇല്ലാതെ വരുന്ന സാഹചര്യത്തിൽ നേരിട്ട് നെഗോഷ്യേറ്റ് ചെയ്യുന്ന കാര്യവും ഡി.എം.-ൽ നടത്തുന്ന കാര്യവും ജില്ലാ കളക്ടർ ചർച്ചചെയ്ത കാര്യങ്ങളുമെല്ലാം ശ്രീമതി ലതാദേവിയുടെ രണ്ടാമത്തെ ചോദ്യത്തിന് മറുപടിയ്ക്കായി മന്ത്രി പറഞ്ഞു. ഈ നടപടികളെല്ലാം കഴിഞ്ഞിട്ട് അന്തിക്കാട് റേഞ്ചിൽ കഴിഞ്ഞ നാലുമാസക്കാലമായി കരാറുകാരുമില്ല, ഡി.എം.-ഉം ഇല്ല. ഒരു സംവിധാനവുമില്ല. അവിടത്തെ തൊഴിലാളികൾക്ക് തൊഴിലില്ല, ആ വ്യവസായം സ്തംഭിച്ചുകിടക്കുന്ന സാഹചര്യത്തിൽ ആ അടഞ്ഞുകിടക്കുന്ന കള്ളുഷാപ്പുകളുടെ നടത്തിപ്പിന്റെ ചുമതല അവിടെ തൊഴിൽ ചെയ്യുന്ന തൊഴിലാളികളെ ഏല്പിക്കാമെന്ന് അങ്ങ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അവിടത്തെ സെൻട്രൽ ട്രേഡ് യൂണിയനുകളുമായി ചർച്ചചെയ്ത് അതിനുള്ള നടപടി ഏറ്റവും അടിയന്തിരമായി സ്വീകരിക്കാൻ സർക്കാർ മുൻകൈ എടുക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, അന്തിക്കാട് പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ ഇപ്പോഴും കൂടിയാലോചന നടന്നുകൊണ്ടിരിക്കുകയാണ്. ആ കൂടിയാലോചനകൾ പരാജയപ്പെട്ടാൽ തൊഴിലാളികളുടെ സംഘടനകൾക്ക് ഷാപ്പുകൾ കൊടുക്കുന്ന കാര്യം ഉൾപ്പെടെ ഗവൺമെന്റ് അതിന്റെ നാനാവശങ്ങളെക്കുറിച്ചും പരിശോധിച്ച് ഒരു തീരുമാനമെടുക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം 436, ശ്രീ. ആര്യാടൻ മുഹമ്മദ്, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ തന്നിട്ടുള്ള ചോദ്യകർത്താക്കളുടെ പേരുകളിൽ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പേര് കാണുന്നില്ല. ചോദ്യകർത്താക്കളാരുംതന്നെ സഭയിൽ ഹാജരില്ല. അപ്പോൾപ്പിന്നെ എങ്ങനെയാണ് ചോദ്യത്തിന് മറുപടി പറയുക?

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദിനെ ചോദ്യം ഉന്നയിക്കാനായി ഓതറൈസ് ചെയ്തിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹത്തിന് ചോദ്യമുന്നയിക്കാം. അങ്ങ് മറുപടി പറഞ്ഞാൽ മതി.

3 (* 436) കമേഴ്സ്യൽ ബാങ്കുകൾ നൽകുന്ന വായ്പ

ശ്രീ. കെ. ബാബു :
ശ്രീ. കെ. സുധാകരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ കമേഴ്സ്യൽ ബാങ്കുകൾ നൽകുന്ന വായ്പ ഗണ്യമായി കുറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) അയൽ സംസ്ഥാനങ്ങളിൽ കമേഴ്സ്യൽ ബാങ്കുകൾ കാർഷിക മേഖലയ്ക്ക്, മൽസരിച്ച് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാർഷിക വായ്പ നൽകുന്നതിനുള്ള അനുകൂലമായ ഘടകങ്ങൾ ഏതെങ്കിലും കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതു കമ്മിറ്റിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) കാർഷിക മേഖലയ്ക്കുള്ള വായ്പാ സൗകര്യം കുറഞ്ഞതിനെതിരെ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ മേഖലയിലുള്ള വായ്പ കുറഞ്ഞതിന് ആനുപാതികമായി കമേഴ്സ്യൽ ബാങ്കുകൾ മറ്റേതെങ്കിലും മേഖലയ്ക്ക് വായ്പത്തോത് കൂട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) ഉണ്ട്. 1992-ൽ മുൻഗണനാ മേഖലക്ക് നൽകിയ മൊത്തം വായ്പയിൽ കാർഷികമേഖലയ്ക്കുള്ള വിഹിതം 38.2 ശതമാനമായിരുന്നത് 1998-ൽ 34.8 ശതമാനമായി കുറഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് പൊതുവായി ബാങ്കുകളിൽനിന്നുള്ള വായ്പാ അനുപാതം കുറയുന്നത് കാർഷികമേഖലയിൽ പ്രതിഫലിക്കുന്നതാണ്.

(ബി) ഇല്ല.

(സി) ഉണ്ട്. കാനറാബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ഡി.ഡി. ആവാരി ചെയർമാനായി റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ നിയമിച്ച കമ്മിറ്റി കാർഷിക വായ്പ ലഭ്യമാക്കുന്നതിന് അനുകൂലമായി സ്വീകരിക്കേണ്ട ഘടകങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

(ഡി) ജനകീയാസൂത്രണത്തിന്റെ കീഴിൽ കാർഷികമേഖലയിൽ ഉൾപ്പെടുന്ന പ്രോജക്ടുകളിൽ പരമാവധി ബാങ്ക് വായ്പ ഉറപ്പുവരുത്തണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാങ്കുകൾക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി കൂടുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly